Std-7


Unit-2






# മധ്യകാല ഇന്ത്യ : സാംസ്കാരിക പ്രസ്ഥാനങ്ങൾ

സൗമ്യേന്ദ്രൻ കണ്ണംവെള്ളി
ഗവ. ട്രൈബൽ യു. പി. സ്കൂൾ, കണ്ണവം




ഈ വരികളിലൂടെ നിങ്ങൾക്ക് ലഭിക്കുന്ന ആശയം എന്താണ്?

## കുലശേഖര ആഴ്‌വാർ

ദക്ഷിണേന്ത്യയിലെ വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിലെ പന്ത്രണ്ട് ആഴ്‌വാർമാരിൽ പ്രമുഖൻ. നാലായിരദിവ്യപ്രബന്ധത്തിലെ പ്രധാനരചനകളിലൊന്നായ പെരുമാൾതിരുമൊഴി ഇദ്ദേഹത്തിന്റെ രചനയാണ്.

പേജ് 25 വായന

എന്താണ് ഭക്തിപ്രസ്ഥാനം?

ഭക്തിയെ അടിസ്ഥാനമാക്കി ഉയർന്നുവന്ന ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ഭക്തി പ്രസ്ഥാനം എന്നറിയപ്പെടുന്നത്

കുട്ടികളെ മൂന്ന് ഗ്രൂപ്പുകൾ ആയി തിരിക്കുന്നു. താഴെപ്പറയുന്ന ഉപാശയങ്ങൾ രേഖപ്പെടുത്തിയ ടാസ്ക് കാർഡുകൾ ക്രമീകരിക്കുന്നു

ഗ്രൂപ്പ്1:ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ

ഗ്രൂപ്പ് 2:ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ

ഗ്രൂപ്പ് 3:ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികളും അവരുടെ രചനകളും പ്രത്യേകതകളും

ഗ്രൂപ്പ് 1 ടാസ്ക് അവതരണം.

## ഭക്തിപ്രസ്ഥാനത്തിലേക്ക് ആളുകൾ ആകർഷിക്കാൻ കാരണമെന്ത്?

മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നിരുന്ന യാഥാസ്ഥിതിക കാഴ്ചപ്പാടും ജാതിവ്യവസ്ഥയും ജനങ്ങൾക്കിടയിൽ വിവേചനം സൃഷ്ടിച്ചിരുന്നു. സാമൂഹ്യ വിവേചനം നേരിട്ടിരുന്ന ജനവിഭാഗങ്ങൾ ഭക്തി പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരായി.

മധ്യകാലഘട്ടത്തിൽ ഇന്ത്യയൊട്ടാകെ വ്യാപിച്ച രണ്ട് പ്രധാന സാംസ്കാരിക പ്രസ്ഥാനങ്ങളാണ് ഭക്തി - സൂഫി പ്രസ്ഥാനങ്ങൾ

ഗ്രൂപ്പ് 2 - അവർക്ക് കിട്ടിയ ടാസ്ക് കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്നു.

പേജ് 26, 27
ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം വായന

# ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?


ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം
പ്രാദേശിക ഭാഷകളിൽ കീർത്തനങ്ങളുടെ രചനയും, ആലാപനവും
ദൈവത്തോടുള്ള സ്നേഹവും സമർപ്പണവും
ജാതിവ്യത്യാസമില്ലാതെ എല്ലാവർക്കും പ്രവേശനം
സ്ത്രീകൾക്ക് തുല്യമായ പങ്കാളിത്തം
ഇഷ്ടദൈവത്തോടുള്ള അകമഴിഞ്ഞ ആരാധന

ഭക്തിപ്രസ്ഥാനം ഒരു ജനകീയ പ്രസ്ഥാനമായി രൂപം കൊണ്ടത് ഏത് സംസ്ഥാനത്താണ്?

തമിഴ്നാട്.

ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം അന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കി?

കുറിപ്പ് തയ്യാറാക്കൂ...

ജാതിവ്യവസ്ഥ മൂലം സമൂഹത്തിൽനിന്ന് അകറ്റിനിർത്തപ്പെട്ടിരുന്ന ജനവിഭാഗങ്ങൾക്കും സ്ത്രീകൾക്കും ആരാധനയ്ക്ക് അവസരം ലഭിച്ചു. സമത്വത്തിൽ അധിഷ്ഠിതമായതും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കാളിത്തം ലഭിക്കുന്നതുമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സാധിച്ചു.

ആഴ്വാർമാരുടെ രചനകൾ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

# നാലായിരദിവ്യപ്രബന്ധം


നായനാർമാരുടെ രചനകൾഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

# തിരുമുറൈകൾ

ഗ്രൂപ്പ് 3 അവർക്ക് കിട്ടിയ ടാസ്ക് കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്നു.

# ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ വായന

ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ ആരൊക്കെ?


ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ
വിഷ്ണുഭക്തർ (ആഴ്‌വാർമാർ)
കുലശേഖര ആഴ്‌വാർ
പെരിയാഴ്‌വാർ
നമ്മാഴ്‌വാർ
ആണ്ടാൾ
ശിവഭക്തർ (നായനാർമാർ)
കാരയ്ക്കൽ അമ്മയാർ
അപ്പർ
സംബന്ധർ
സുന്ദരർ
മാണിക്കവാചകർ

പ്രധാന നായനാർ സന്യാസിമാർ
കാരക്കൽ അമ്മയാർ
അപ്പർ
സംബന്ധർ
സുന്ദരർ
മാണിക്കവാസഗർ
തിരു നീലകണ്ഠൻ
അമരനീദി
എരിപാത
മെയ്പൊരുൾ
വൈറൽമിൻഡ
യേനാതിനാഥർ

# പ്രധാന ആഴ്വാർ സന്യാസിമാർ

ആണ്ടാൾ

കുലശേഖര ആഴ്വാർ

പെരിയാഴ്വാർ

നമ്മാഴ് വാർ

തിരുമഴിശൈ ആഴ്വാർ

## ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ

വ്യക്തിപരമായി ഭക്തിക്ക് പ്രാധാന്യം നൽകിയിരുന്ന ജനകീയ സന്യാസിമാരുടെ ശൃംഖലയായിരുന്നു ആഴ്‌വാർമാരും നായനാർമാരും. ദൈവവും ഭക്തനും തമ്മിലുള്ള സ്നേഹപൂർണ്ണമായ ഒരു ജീവൽബന്ധമായി അവർ മതത്തെ പ്രയോജനപ്പെടുത്തി. അവരുടെ ഇഷ്ട ദൈവത്തെ പ്രകീർത്തിക്കുന്ന കീർത്തനങ്ങൾ ആലപിച്ച് അവർ ദേശസഞ്ചാരം നടത്തിയിരുന്നു വിഷ്ണുഭക്തരായ ആഴ്‌വാർമാർ വ്യത്യസ്ത ജാതി വിഭാഗങ്ങളിൽ നിന്നുള്ള 12 പേരായിരുന്നു. ഇവരുടെ രചനകളായ നാലായിര ദിവ്യപ്രബന്ധം തമിഴ്‌വേദം എന്ന പേരിലും അറിയപ്പെടുന്നു. 63 നായനാർമാരിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഉൾപ്പെട്ടിരുന്നു. ഇവരുടെ രചനകൾ തിരുമുറൈകൾ എന്ന പേരിൽ ക്രോഡീകരിക്കപ്പെട്ടു. ഇവയിൽ പ്രധാനപ്പെട്ടവ തേവാരം, (പേജ് നമ്പർ 27, ചിത്രം 2.1 പരിചയപ്പെടുത്തുക) പെരിയപുരാണം തുടങ്ങിയവയാണ്.

# പ്രവർത്തനക്കാർഡ് -1

CLASS :7
SOCIAL SCIENCE

## പ്രവർത്തനക്കാർഡ് -1


MENTORS KERALA

യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ


**ഭക്തിപ്രസ്ഥാനം**

എട്ടാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യയിലാണ് (തമിഴ്നാടിന്റെയും കേരളത്തിന്റെയും ഭാഗങ്ങൾ) ഭക്തിപ്രസ്ഥാനത്തിന്റെ തുടക്കം. ക്രമേണ ഇതിന്റെ ആശയങ്ങൾ ഉത്തരേന്ത്യയിലേക്കും വ്യാപിച്ചു. ഭക്തിപ്രസ്ഥാനം പല ദേശങ്ങളിൽ പല രീതിയിലാണ് പ്രചരിച്ചത്. വൈഷ്ണവർ, ശൈവവിഭാഗം, ശക്തി വിഭാഗം എന്നിവ ഭക്തിപ്രസ്ഥാനത്തിന്റെ വകഭേദങ്ങളാണ്. നായനാർമാർ ശിവനെയും ആഴ്വാർമാർ വിഷ്ണുവിനെയും ആരാധിച്ചു.

ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എഴുതിച്ചേർക്കൂ...



# ചിത്ര നിരീക്ഷണം




# ആരായിരുന്നു ബസവണ്ണ?



# പേജ് 28 വായന
# ഉത്തരം കണ്ടെത്തൽ

പന്ത്രണ്ടാം നൂറ്റാണ്ടിൽ കന്നട ദേശത്ത് ജീവിച്ചിരുന്ന തത്വചിന്തകനും സാമൂഹിക പരിഷ്കർത്താവും കവിയുമായിരുന്നു ബസവണ്ണ

# പേജ് 28 അനുഭവമണ്ഡപം വായന



## അനുഭവമണ്ഡപം

പന്ത്രണ്ടാം നൂറ്റാണ്ടിൽ ബസവണ്ണ സ്ഥാപിച്ച ആത്മീയ ചർച്ചാവേദിയാണ് അനുഭവമണ്ഡപം. അല്ലമ പ്രഭു, അക്ക മഹാദേവി എന്നിവർ അനുഭവമണ്ഡപത്തിലെ ചർച്ചകൾക്ക് നേതൃത്വം നൽകിയിരുന്നു. ജാതി, ലിംഗവിവേചനം എന്നിവ പരിഗണിക്കാതെ എല്ലാവർക്കും ചർച്ചകളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു. ആത്മീയ ചർച്ചകൾക്കും അറിവ് പുതുക്കലിനുമായിട്ടാണ് ജനങ്ങൾ അനുഭവമണ്ഡപത്തിൽ എത്തിയിരുന്നത്. ചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങളെ 'വചനങ്ങൾ' എന്ന പേരിൽ ജനങ്ങളിലേക്ക് പകർന്ന് നൽകി.

# പന്ത്രണ്ടാം നൂറ്റാണ്ടിൽ ബസവണ്ണ സ്ഥാപിച്ച ആത്മീയ ചർച്ചാവേദി

# അനുഭവമണ്ഡപം


ബസവണ്ണയുടെ അനുഭവമണ്ഡപത്തിലെ ചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങൾ ഏതുപേരിലാണ് അറിയപ്പെടുന്നത്?

# വചനങ്ങൾ

## വചനങ്ങൾ


പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ഏക മതവിശ്വാസം, മനുഷ്യസമത്വം, നീതിനിഷ്ഠ, സ്ത്രീ സമത്വം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായി നിലവിൽ വന്ന പ്രസ്ഥാനമാണ് വീരശൈവ പ്രസ്ഥാനം. മതപ്രബോധകരും സാമൂഹിക പരിഷ്കർത്താക്കളുമായിരുന്ന വീരശൈവർ യാഥാ സ്ഥിതിക മതത്തിന്റെ കാപട്യങ്ങൾക്കെതിരെ പോരാടി. കവിതാമയമായ ഗദ്യത്തിൽ ആവിഷ്കരിക്കപ്പെട്ട ഇവരുടെ സന്ദേശങ്ങൾ വചനങ്ങൾ എന്നറിയപ്പെട്ടു. അധ്വാനത്തിന്റെ മഹത്വം മനുഷ്യന്റെ ആന്തരികമായ നന്മയും ശുദ്ധിയും, സ്ത്രീ സ്വാതന്ത്ര്യം, സർവസമത്വം എന്നിവയാണ് വചനങ്ങളിലെ മുഖ്യ പ്രമേയങ്ങൾ. ചിന്ന ബസവ, സിദ്ധരാമയ്യ എന്നിവരാണ് മറ്റു വചന കവികൾ.

# ചിത്രീകരണം വ്യക്തിഗത വായന



# ചിത്രീകരണം സംഭാഷണ രൂപത്തിൽ എഴുതൽ റാൻഡം അവതരണം.

## അനുഭവമണ്ഡപം



പന്ത്രണ്ടാം നൂറ്റാണ്ടിൽ ബസവണ്ണ സ്ഥാപിച്ച ആത്മീയ ചർച്ചാവേദിയാണ് അനുഭവമണ്ഡപം. അല്ലമ പ്രഭു, അക്ക മഹാദേവി എന്നിവർ അനുഭവമണ്ഡപത്തിലെ ചർച്ചകൾക്ക് നേതൃത്വം നൽകിയിരുന്നു. ജാതി, ലിംഗവിവേചനം എന്നിവ പരിഗണിക്കാതെ എല്ലാവർക്കും ചർച്ചകളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു. ആത്മീയ ചർച്ചകൾക്കും അറിവ് പുതുക്കലിനുമായിട്ടാണ് ജനങ്ങൾ അനുഭവമണ്ഡപത്തിൽ എത്തിയിരുന്നത്. ചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങളെ 'വചനങ്ങൾ' എന്ന പേരിൽ ജനങ്ങളിലേക്ക് പകർന്ന് നൽകി.

**ഇതിൽ നിന്നും അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം മനസ്സിലായെന്ന് എഴുതൂ.....**

*ജാതീയമായ വിവേചനങ്ങൾ നിലനിന്നിരുന്നു

*

*

*ജാതീയമായ വിവേചനങ്ങൾ നിലനിന്നിരുന്നു

*ശൈശവ വിവാഹം നടന്നിരുന്നു.

*പെൺകുട്ടികൾക്ക് മതിയായ വിദ്യാഭ്യാസം നൽകിയിരുന്നില്ല.

ബസവണ്ണ സ്ഥാപിച്ച സംഘടന ഏത്?

# വീരശൈവ പ്രസ്ഥാനം

# വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു?

- ബ്രാഹ്മണമേധാവിത്വത്തേയും വേദങ്ങളുടെ പ്രാമാണികതയേയും ചോദ്യം ചെയ്തു.
- ജാതിവിവേചനത്തിനും, സ്ത്രീവിവേചനത്തിനുമെതിരെ ജനങ്ങളെ ബോധവൽക്കരിച്ചു.
- ഏകദൈവവിശ്വാസം പ്രോത്സാഹിപ്പിച്ചു.
- തൊഴിലിന്റെയും അധ്വാനത്തിന്റെയും മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തി.
- ശൈശവവിവാഹത്തെ എതിർക്കുകയും പ്രായപൂർത്തി വിവാഹം, വിധവാപുനർവിവാഹം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

# ബസവണ്ണയുടെ സന്ദേശങ്ങൾ

## മനുഷ്യസ്നേഹവും സമത്വവും ഉയർത്തിക്കാട്ടിയ ബസവണ്ണയുടെ സന്ദേശങ്ങൾ

- ചിന്തയും പ്രവൃത്തിയും നന്നായാൽ രാഷ്ട്രം ഉയർച്ച നേടും.
- ഏതു ജാതിയിൽ പെട്ടവരായാലും മനുഷ്യർക്കെല്ലാം അവകാശങ്ങൾ തുല്യമാണ്.
- ഈശ്വരാരാധനയ്ക്ക് ഇടനിലക്കാർ ആവശ്യമില്ല.
- പുനർജന്മമില്ല, ഈ ജന്മം ധന്യമാക്കി ജീവിക്കൂ.

# പോസ്റ്റർ തയ്യാറാക്കൽ പ്രദർശനം

വീരശൈവ പ്രസ്ഥാനം ജാതിവ്യവസ്ഥയേയും അസമത്വങ്ങളേയും ചോദ്യം ചെയ്തിരുന്നു. ഈ പ്രസ്താവന വിലയിരുത്തുക.

കന്നടദേശത്ത് നിലനിന്നിരുന്ന സാമൂഹികവും മതപരവുമായ വിവേചനങ്ങൾ തുടച്ചുനീക്കുന്നതിനായിട്ടാണ് ബസവണ്ണ വീരശൈവ പ്രസ്ഥാനം സ്ഥാപിച്ചത്.സ്വാതന്ത്ര്യം, സമത്വം,സാമൂഹ്യനീതി എന്നിവയിൽ അധിഷ്ഠിതമായ കാഴ്ചപ്പാടാണ് ഈ പ്രസ്ഥാനം മുന്നോട്ടുവെച്ചത്. ബ്രാഹ്മണ മേധാവിത്വത്തെയും വേദങ്ങളുടെ പ്രാമാണികതയെയും ചോദ്യം ചെയ്ത ഈ പ്രസ്ഥാനം ജാതി വിവേചനത്തിനും സ്ത്രീ വിവേചനത്തിനുമെതിരെ ജനങ്ങളെ ബോധവൽക്കരിച്ചു. തൊഴിലിന്റെയും അധ്വാനത്തിന്റെയും മഹത്വം പ്രസ്ഥാനം ജനങ്ങളെ ബോധ്യപ്പെടുത്തി. ശൈശവ വിവാഹം പാടില്ലയെന്ന് ഉദ്ബോധിപ്പിക്കുകയും പ്രായപൂർത്തിവിവാഹം, വിധവാ പുനർവിവാഹം എന്നിവ  പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

# വ്യക്തിഗത വായന

ഈ വരികൾ വായിക്കൂ.

അള്ളാ, രാമൻ, കരിം, കേശവ, ഹരി, ഹസ്രത്ത് എന്നിങ്ങനെ
ദൈവത്തിനു വിളിപ്പേരുകളുണ്ടനവധി.
പൊന്നുരുക്കിപ്പണിതതാം വളകൾ, മോതിരങ്ങളും പൊന്ന് താനല്ലയോ?
വൈജാത്യങ്ങൾ, നാം നിർമ്മിക്കും പദങ്ങളിൽ മാത്രം.

# വ്യക്തിഗത വായന

ഒരിക്കൽ, ദു:ഖിതനായിരിക്കുന്ന ഒരു ഗ്രാമ മുഖ്യനോട് കബീർ കാരണമന്വേഷിച്ചു.

അയാൾ പറഞ്ഞു: "കർമഫലം, അല്ലാതെന്തു പറയാൻ? വസൂരി കാരണം ആളുകൾ മരിച്ചുവീഴുന്നു. പരിഹാരമായി മന്ത്രവാദം നടത്തണം".

കബീർ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു. "രോഗശാന്തിക്ക് മന്ത്രവാദമോ? മന്ത്രവാദം കൊണ്ട് ഇതൊന്നും നേടാൻ കഴിയില്ല. ചികിത്സ കൊണ്ടേ രോഗം ഭേദമാകൂ".

മറ്റൊരിക്കൽ കബീറിനും കൂട്ടർക്കും ആളുകൾ ഉപഹാരങ്ങൾ നൽകാൻ തുടങ്ങി.



ചിത്രം 2.5
കബീറും ശിഷ്യന്മാരും ഗ്രാമമുഖ്യനോടൊപ്പം

അദ്ദേഹം പറഞ്ഞു: "ഞങ്ങൾ നെയ്ത്തുകാരും, ലോഹപ്പണിക്കാരും, മരം കടയുന്നവരും, കൃഷിക്കാരും, ചെരുപ്പുകുത്തുന്നവരും ഒക്കെയാണ്. തൊഴിൽ ചെയ്താണ് ഞങ്ങൾ ജീവിക്കുന്നത്. ഉപഹാരങ്ങൾ ഞങ്ങൾക്കു വേണ്ട."

കബീറിന്റെ ദോഹയും കഥാസന്ദർഭങ്ങളും വായിച്ചല്ലോ.നിങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ കൂട്ടിച്ചേർക്കൂ....

*ആളുകൾ ദൈവത്തെ പല പേരുകളിൽ വിളിക്കുന്നു.

*കബീർ ജനങ്ങളെ അന്ധവിശ്വാസങ്ങൾക്കെതിരെ ചിന്തിക്കാൻ പ്രേരിപ്പിച്ചു.

*

*

*ആളുകൾ ദൈവത്തെ പല പേരുകളിൽ വിളിക്കുന്നു.

*കബീർ ജനങ്ങളെ അന്ധവിശ്വാസങ്ങൾക്കെതിരെ ചിന്തിക്കാൻ പ്രേരിപ്പിച്ചു.

*കബീറിന്റെ ശിഷ്യരിൽ എല്ലാ വിഭാഗം ജനങ്ങളും ഉൾപ്പെട്ടിരുന്നു.

*കബീർ തൊഴിലിന്റെ മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തി

## കബീർ മാനവമൈത്രിയുടെ പ്രചാരകൻ

മധ്യകാല ഭക്തിപ്രസ്ഥാനത്തിന്റെ ദാർശനിക കവിയും ഹിന്ദു-മുസ്ലീം മൈത്രിയുടെ വക്താവുമായിരുന്നു കബീർ. എല്ലാവിധ വിഭാഗീയചിന്തകൾക്കുമപ്പുറം മാനവികതയെ ഉയർത്തിപ്പിടിച്ചു. നെയ്ത്തുജോലി ചെയ്ത് ഉപജീവനം നടത്തിയിരുന്ന ഇദ്ദേഹം ദേശസഞ്ചാരവും ചർച്ചകളും നടത്തി അറിവ് പുതുക്കിയിരുന്നു. ഭക്തി-സൂഫി ആശയങ്ങളുടെ സമന്വയമായിരുന്നു കബീർ പ്രചരിപ്പിച്ചിരുന്നത്. കബീറിന്റെ രചനകൾ സിക്ക് മതത്തിന്റെ വിശുദ്ധ ഗ്രന്ഥമായ 'ആദിഗ്രന്ഥ'യിൽ ചേർത്തിട്ടുണ്ട്.

**ജനങ്ങൾക്കിടയിൽ സമത്വചിന്തയും മതസൗഹാർദ്ദവും വളർത്താൻ കബീറിന്റെ ആശയങ്ങൾ എത്രത്തോളം സഹായിച്ചു?**

ചർച്ച

സൂചകങ്ങൾ

*കബീറിന്റെ ദോഹകൾ ജനങ്ങളെ എങ്ങനെ സ്വാധീനിച്ചു?

*ഹിന്ദു മുസ്ലിം സാഹോദര്യത്തെക്കു റിച്ചുള്ള കബീറിന്റെ കാഴ്ചപ്പാട്


*കബീറിന്റെ സാമൂഹിക കാഴ്ചപ്പാട്

പതിനഞ്ചാം നൂറ്റാണ്ടിൽ വടക്കേ ഇന്ത്യയിൽ ഭക്തിപ്രസ്ഥാനത്തെ നയിച്ച കവിയായിരുന്നു കബീർ.'ദോഹകൾ' എന്നറിയപ്പെട്ടിരുന്ന കീർത്തനങ്ങളിലൂടെ അദ്ദേഹം ജനങ്ങളിലേക്ക് തന്റെ ആശയങ്ങൾ എത്തിച്ചു. ഹിന്ദു - മുസ്ലിം ഐക്യത്തിനു വേണ്ടി പ്രവർത്തിച്ചിരുന്ന അദ്ദേഹം എല്ലാ വിശ്വാസങ്ങളും ദൈവത്തിലേക്ക് എത്തിച്ചേരുന്നുവെന്ന് ഉദ്ബോധിപ്പിച്ചു.ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ, പൂജകൾ,മരണാനന്തര ചടങ്ങുകൾ, വിഗ്രഹാരാധന തുടങ്ങിയവ അർത്ഥ ശൂന്യമാണെന്ന് അദ്ദേഹം വാദിച്ചു.ജാതി,മതം,വർണം,കുടുംബമഹിമ,സമ്പത്ത് എന്നിവയെ അടിസ്ഥാനമാക്കിയുള്ള എല്ലാ വിവേചനങ്ങളെയും അദ്ദേഹം പൂർണമായും നിരാകരിച്ചു. അന്ധവിശ്വാസങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തിയ അദ്ദേഹം തൊഴിലിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു അങ്ങനെ ജനങ്ങളെ സ്വതന്ത്രമായി ചിന്തിക്കാൻ പ്രേരിപ്പിച്ചു

# ' കബീറിന്റെ ആശയങ്ങളും സന്ദേശങ്ങളും ‘

## റോൾപ്ലേ അവതരണം

# പ്രവർത്തനക്കാർഡ് -2



CLASS :7

SOCIAL SCIENCE

**പ്രവർത്തനക്കാർഡ് -2**

യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

ഭക്തിപ്രസ്ഥാനത്തിന്റെ ഏറ്റവും ശക്തരായ വക്താക്കളിൽ ഒരാളായിരുന്നു കബീർ. ഒരു മുസ്ലിം നെയ്ത്തുകാരനായിരുന്നു കബീർ. ഒരേസമയം അല്ലാഹുവിന്റെയും ശ്രീരാമന്റെയും സന്തതിയാണ് താനെന്ന് കബീർ ഉദ്ഘോഷിച്ചു. ബീജക്, സഖിഗ്രന്ഥ്, കബീർ ഗ്രന്ഥാവലി , അനുരാഗ് സാഗർ എന്നിവ കബീറിന്റെ രചനകളാണ്. 'ദോഹകൾ' എന്നറിയപ്പെട്ടിരുന്ന കീർത്തനങ്ങളിലൂടെയാണ് കബീർ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്. ഹിന്ദു- മുസ്ലിം ഐക്യത്തിന്റെ ചിഹ്നമായി കബീർ കണക്കാക്കപ്പെടുന്നു. കബീറിന്റെ അനുയായികൾ കബീർ പന്ഥ് എന്നറിയപ്പെട്ടു.

പദസൂര്യൻ പൂർത്തിയാക്കൂ...

# പേജ് 31 കഥാഭാഗം വായന

ഗുരു നാനാക്കും ഭായി മർദാനയും ഒരിക്കൽ സജ്ജൻ തഗ്ഗിന്റെ സത്രത്തിൽ വിശ്രമിക്കാനെത്തി. അവിടെ വരുന്നവരെ കൊള്ളയടിക്കുന്ന സ്വഭാവം അയാൾക്കുണ്ടായിരുന്നു. ഇത് മനസ്സിലാക്കിയ ഗുരു നാനാക്ക് രാത്രി വിശ്രമിക്കാൻ തയ്യാറായില്ല. പകരം അവർ, ഗുരു നാനാക്ക് തന്നെ രചിച്ച പ്രാർഥനാഗാനങ്ങളായ 'ഷാബാദ്' ആലപിക്കാൻ തുടങ്ങി. മറ്റുള്ളവരുടെ സമ്പത്ത് കൊള്ളയടിക്കുന്നത് അന്യായമാണ് എന്നർഥം വരുന്ന വരികളായിരുന്നു ചൊല്ലിയത്. പാട്ടിന്റെ വരികൾ കേട്ടപ്പോൾ സജ്ജൻ തഗ്ഗിന് തന്റെ തെറ്റ് മനസ്സിലായി. അയാൾ ഗുരുവിനോട് ക്ഷമ ചോദിച്ചു. മോഷ്ടിച്ച പണമെല്ലാം ദരിദ്രർക്ക് നൽകാനും സത്യസന്ധനായി ജീവിക്കാനും ഗുരു നാനാക്ക് ഉപദേശിച്ചു. പിന്നീട്, സജ്ജൻ സത്രത്തിൽ എത്തുന്നവരെ സഹായിച്ച് ജീവിക്കാൻ തുടങ്ങി.



ചിത്രം 2.6
*ഗുരു നാനാക്കും ഭായി മർദാനയും*

ഈ കഥയിലൂടെ എന്തെല്ലാം
ആശയങ്ങളാണ് നീങ്ങൾക്ക് ലഭിച്ചത്?

മറ്റുള്ളവരുടെ സമ്പത്ത്
കൊള്ളയടിക്കുന്നത് അന്യായമാണ്

തെറ്റ് മനസ്സിലായാൽ ക്ഷമ ചോദിക്കുക.

ജീവിതത്തിൽ സത്യസന്ധത പുലർത്തുക

# പേജ് 32 വായന

## ഗുരുനാനാക്ക് സ്നേഹവും സാഹോദര്യവും

കബീറിന്റെ ആശയങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിച്ച മഹാനായിരുന്നു. ഹിന്ദു-മുസ്ലിം മതങ്ങളുടെ സാരാംശങ്ങളെ ഇദ്ദേഹം ക്രോഡീകരിച്ചിരുന്നു. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി അദ്ദേഹം ഇന്ത്യക്കകത്തും പുറത്തും നടത്തിയ യാത്രകൾ 'ഉദാസി' എന്ന് അറിയപ്പെടുന്നു.

# ഗുരുനാനാക്കിന്റെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ലഘുലേഖ തയ്യാറാക്കൽ

## പ്രദർശനം


മതസഹിഷ്ണുത, സാർവത്രിക സാഹോദര്യം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗുരുനാനാക്ക് സ്വീകരിച്ച മാർഗങ്ങൾ എന്തെല്ലാം?

കുറിപ്പ് തയ്യാറാക്കൽ

അവതരണം

മതങ്ങളുടെ നിരർത്ഥകമായ അനുഷ്ഠാനങ്ങളെ എതിർത്തിരുന്ന ഗുരുനാനാക്ക് ഏകദൈവം എന്ന സന്ദേശം ജനങ്ങളിലെത്തിക്കാൻ ശ്രമിച്ചു.തുല്യത, സാഹോദര്യം,സ്നേഹം, നന്മ,മതസ്യഷ്ണത എന്നീ ആശയങ്ങളെ പ്രോത്സാഹിപ്പിച്ചു. സാമ്പത്തിക അസമത്വത്തെ ചോദ്യം ചെയ്ത ഗുരു എല്ലാ ജനങ്ങൾക്കും ഒന്നിച്ചു ഭക്ഷണം കഴിക്കാൻ കഴിയുന്ന 'ലംഗാർ'എന്ന പൊതു അടുക്കളയുടെ പ്രാധാന്യം ജനങ്ങളിലെത്തിച്ചു

# ഭക്തിപ്രസ്ഥാനത്തിലെ സ്ത്രീ സാന്നിധ്യം



# പേജ് 33 വായന

# ഉത്തരം കണ്ടെത്തൂ

മധ്യകാല സമൂഹത്തിൽ സ്ത്രീകളുടെ അവസ്ഥ എങ്ങനെയായിരുന്നു?

ഭക്തിപ്രസ്ഥാനത്തിലെ പ്രധാന ഭക്ത കവയിത്രികൾ ആരെല്ലാമായിരുന്നു?

ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഇവരുടെ സംഭാവനകൾ കണ്ടെത്തുക

വ്യക്തിഗതമായി ഉത്തരം എഴുതൽ

റാൻഡം അവതരണം

ചർച്ച

# മധ്യകാല സമൂഹത്തിൽ സ്ത്രീകളുടെ അവസ്ഥ എങ്ങനെയായിരുന്നു?

മധ്യകാലഘട്ടത്തിലെ സമൂഹത്തിൽ സ്ത്രീകൾക്ക് പൊതുവേ അംഗീകാരവും പരിഗണനയും ലഭിച്ചിരുന്നില്ല.ആരാധനാസ്വാതന്ത്ര്യം കുറവായിരുന്നു.

ഭക്തിപ്രസ്ഥാനത്തിലെ പ്രധാന ഭക്ത കവയിത്രികൾ ആരെല്ലാമായിരുന്നു?

മീരാബായ്
കാരയ്ക്കൽ അമ്മയാർ
ആണ്ടാൾ
അക്ക  മഹാദേവി
ലാൽദേദ്
സൊയ്റാ ബായ്
ഭഹിനാ ബായ്

ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഇവരുടെ സംഭാവനകൾ കണ്ടെത്തുക

മീരാബായ് രചിച്ച കൃഷ്ണഭജനുകൾ ഏറെ പ്രസിദ്ധമാണ്. വീരശൈവ പ്രസ്ഥാനത്തിലെ പ്രമുഖയായിരുന്നു അക്ക മഹാദേവി സ്ത്രീകൾ നേരിടുന്ന സാമൂഹികവും ആത്മീയവുമായ അടിച്ചമർത്തലുകൾക്കെതിരെ നടന്ന ചർച്ചകൾക്ക് അവർ നേതൃത്വം നൽകിയിരുന്നു. ഭക്തിപ്രസ്ഥാനത്തിലെ പ്രധാന ഭക്ത കവയിത്രികളുടെ രചനകൾ ഒട്ടനവധി സ്ത്രീകൾക്ക് പ്രചോദനമാകുന്നതിനും കാരണമായി

# മീരാബായിയുടെ കൃഷ്ണഭജനുകളുടെ പ്രത്യേകതകൾ എന്ത്?

രാജസ്ഥാനിലെ ചിത്തോറിൽ ജീവിച്ചിരുന്ന രജപുത്ര രാജകുമാരി ആയിരുന്നു മീരാബായ്.കവയിത്രിയും കൃഷ്ണഭക്തയുമായിരുന്ന അവരുടെ കീർത്തനങ്ങൾ വളരെയധികം പ്രശസ്തങ്ങളാണ്. കൃഷ്ണനെ സ്തുതിക്കുന്ന ദശലക്ഷക്കണക്കിന്  കൃഷ്ണഭജനുകൾ ഇന്ത്യൻ പാരമ്പര്യത്തിൽ മീരാബായ് തയ്യാറാക്കി ആത്മീയവും സാമൂഹികവും മതപരവുമായി സ്ത്രീകൾ മാറ്റിനിർത്തപ്പെട്ട ഒരു കാലത്താണ് മീരാബായ് തന്റെ ഇഷ്ടദേവനായ കൃഷ്ണനെ സ്തുതിച്ചുകൊണ്ട് അന്നത്തെ പുരുഷ കേന്ദ്രീകൃത സമൂഹത്തിലേക്ക് കടന്നുവന്നത്.

അക്കമഹാദേവിയുടെ പ്രവർത്തനങ്ങൾ മധ്യകാല സ്ത്രീ സമൂഹത്തിന് എത്രത്തോളം ഗുണകരമായിരുന്നു?

വീരശൈവ പ്രസ്ഥാനത്തിന്റെ പ്രമുഖയായ വ്യക്തിത്വമായിരുന്നു അക്ക മഹാദേവി. സ്ത്രീകൾ നേരിട്ടിരുന്ന സാമൂഹികവും ആത്മീയവുമായ അടിച്ചമർത്തലുകൾക്കെതിരെ നടന്ന ചർച്ചകൾക്ക് അവർ നേതൃത്വം നൽകിയിരുന്നു.കന്നട സാഹിത്യത്തിൽ അവർ നൽകിയ സംഭാവനകൾ വചന സാഹിത്യം എന്ന പേരിൽ അറിയപ്പെടുന്നു.

**കാരയ്ക്കൽ അമ്മയാർ** - ശൈവ ഭക്തരിൽ പ്രമുഖയായിരുന്നു. ആദ്യകാല തമിഴ് ഭക്തി സാഹിത്യത്തിൽ രചനകൾ നടത്തിയിരുന്നു.

**ആണ്ടാൾ** - വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിലെ പ്രമുഖ കവയിത്രി.

**അക്ക മഹാദേവി** - പന്ത്രണ്ടാം ശതകത്തിലെ കന്നഡ കവിയത്രി. വീരശൈവ സംഘത്തിലെ പ്രായം കുറഞ്ഞ അംഗമായിട്ടും ഭക്തിയിൽ മുതിർന്നവൾ (അക്ക) ആയി മാറി. വചന സാഹിത്യത്തിലെ ഉത്കൃഷ്ട രചനകളാണ് ഇവരുടേത്.


**ലാൽദേദ്** - കശ്മീരിൽ പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ലാൽദേദ് കശ്മീരി ഭാഷയിൽ കവിതകൾ എഴുതിയിരുന്നു. വ്യക്തികളുടെ ശുദ്ധമായ മനസ്സും സ്വഭാവവും പ്രധാനമാണെന്ന് ഉദ്ബോധിപ്പിച്ചു. ജാതി-മതം-വശം-വർഗവിഭാഗങ്ങൾക്കതീതമായിരുന്നു ലല്ലാഭായ് എന്ന ലാൽദേദ്.

**മീരാബായ്** - പതിനാറാം ശതകത്തിന്റെ ആദ്യ പകുതിയിൽ വടക്കേ ഇന്ത്യയിൽ കൃഷ്ണഗീതികൾക്ക് പ്രാമുഖ്യം കിട്ടിയത് മീരാബായിയിലൂടെയാണ്. കബീർ, സൂർദാസ്, തുളസിദാസ്, മാലിക് മുഹമ്മദ് ജയ്സി തുടങ്ങിയവർ മീരാബായിയുടെ സമകാലികർ ആയിരുന്നു എന്ന് പറയപ്പെടുന്നു.

**സൊയറാബായ്** - മഹാരാഷ്ട്രയിലെ മഹർ വിഭാഗത്തിലെ കവയിത്രി.

**ഭഹിനാബായ്** - മഹാരാഷ്ട്രയിൽ പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഭക്തകവയിത്രി.

# പ്രവർത്തനക്കാർഡ് -3


CLASS 7
SOCIAL SCIENCE

**പ്രവർത്തനക്കാർഡ് -3**

യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകർ ജനിച്ച സംസ്ഥാനം താഴെപ്പറയുന്ന മാപ്പിൽ അടയാളപ്പെടുത്തുക...

ബസവണ്ണ , മീരാബായ് , കബീർദാസ്,
കാരയ്ക്കൽഅമ്മയാർ , ഭഹനാബായ്

# ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ

പേജ് 33,34 വായന

*സാമൂഹ്യവും മതപരവുമായ
മേഖലകളിൽ പുരോഗമനപരമായ
മാറ്റങ്ങൾ
*ജാതിവ്യവസ്ഥയും പ്രത്യേക
സ്ഥാനമാനങ്ങളും ചോദ്യം ചെയ്യൽ
*സാമൂഹിക സമത്വം
* സ്ത്രീപുരുഷ സമത്വത്തെക്കുറിച്ചുള്ള
ചിന്തകൾ
*അധ്വാനത്തിന്റെ മഹത്വം
*അനാചാരങ്ങൾക്കെതിരായ ചിന്താഗതി

# പ്രവർത്തനക്കാർഡ് -4

CLASS 7

SOCIAL SCIENCE


## പ്രവർത്തനക്കാർഡ് -4

യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ


ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ

ഇഷ്ടദൈവത്തോടുള്ള അടിയുറച്ച ഭക്തിയിൽ അധിഷ്ഠിതമായിട്ടാണ് ഭക്തിപ്രസ്ഥാനം ആരംഭിച്ചതെങ്കിലും കാലക്രമത്തിൽ ഇന്ത്യയൊട്ടാകെ വ്യാപിച്ച് ജാതിവ്യവസ്ഥയും അടിച്ചമർത്തലിനും എതിരെ ജനങ്ങളെ ചിന്തിപ്പിക്കാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു. ദൈവത്തിന്റെ മുന്നിൽ ഉയർന്നവരും താഴ്ന്നവരുമില്ലെന്നും എല്ലാവരും സമന്മാരാണെന്നും ഉദ്ഘോഷിച്ചുകൊണ്ട് പുരോഹിത മേധാവിത്വത്തിനെതിരെ ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ എന്ന ആശയപടം പൂർത്തിയാക്കുക...



# കഥാഭാഗം വായന



ഡൽഹി സുൽത്താൻ ആയ ജലാലുദ്ദീൻ ഖിൽജി, അമീർ ഖുസ്റുവിനോട് ഷേയ്ഖ് നിസാമുദ്ദീൻ ഔലിയയെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ, സന്ദർശന വിവരം ഔലിയ അറിയാൻ പാടില്ല. അറിഞ്ഞാൽ സമ്മതിക്കില്ലെന്ന് സുൽത്താനറിയാം. എന്നാൽ ഖുസ്റു ഇക്കാര്യം ഔലിയയോട് പറഞ്ഞു. ഭരണാധികാരികളെ കാണാൻ ഇഷ്ടപ്പെടാത്ത ഔലിയ സന്ദർശന ദിവസം ദൂരേയ്ക്ക് യാത്രപോയി. ഖാൻഗാഹിലെത്തിയ രാജാവ് ഷേയ്ഖിനെ കാണാനാകാതെ ഖുസ്റുവിനോട് ദേഷ്യപ്പെട്ടു. “നിങ്ങൾ സുൽത്താനെ ചതിക്കുകയായിരുന്നുവല്ലേ?” ഖുസ്റു മറുപടി പറഞ്ഞു “രാജാവിനെ ചതിച്ചാൽ എന്റെ ഈ ലോകത്തെ ജീവിതം മാത്രമേ അവസാനിക്കൂ. പക്ഷേ എന്റെ ഗുരുവിനെ ചതിച്ചാൽ അനശ്വരമായ മരണാനന്തര ജീവിതം തന്നെയാകും എനിക്ക് നഷ്ടപ്പെടുക.”

# പേജ് 34,35 വായന

## സൂഫിസം

സൂഫിസം എന്ന പദം ഉണ്ടായത് കമ്പിളി എന്ന അർത്ഥം വരുന്ന സുഫ് (suf) എന്ന വാക്കിൽ നിന്നോ, ശുദ്ധി എന്ന അർത്ഥം വരുന്ന സഫി (safi) എന്ന വാക്കിൽ നിന്നോ ആണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

Sufis of Sindh: Motilal Jotwani. p.1

# ചോദ്യോത്തരപ്പയറ്റ്

# സൂഫിപ്രസ്ഥാനത്തിന്റെ ആവിർഭാവം എവിടെയായിരുന്നു?

# മധ്യേഷ്യ

സൂഫിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു?

മധ്യേഷ്യൻ പ്രദേശങ്ങളിൽ രൂപംകൊണ്ട ഇസ്ലാമിക ഭക്തിപ്രസ്ഥാനമാണ് സൂഫിസം. ഇവിടങ്ങളിലെ ഭരണാധികാരികൾ സമ്പത്ത്,അധികാരം, ആഡംബര ജീവിതം തുടങ്ങിയ ലൗകിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. ഇത്തരം പ്രവണതകൾക്കെതിരെയാണ് സൂഫി പ്രസ്ഥാനം ഉയർന്നുവന്നത്.

# സൂഫികൾ പ്രചരിപ്പിച്ച പ്രധാന ആശയങ്ങൾ എന്തെല്ലാം?

ആത്മീയ ജീവിതത്തിന് പ്രാധാന്യം നൽകുകയും ആഡംബര ജീവിതത്തിന് വൈമുഖ്യം കാണിക്കുകയും ചെയ്തവരായിരുന്നു സൂഫികൾ. ദൈവത്തോട് കൂടുതൽ അടുക്കുവാനുള്ള മാർഗമായി ഭക്തിയെ അവർ കണക്കാക്കി. എല്ലാ മനുഷ്യരെയും ബഹുമാനിക്കണം എന്ന ആശയം അവർ പ്രചരിപ്പിച്ചു.

സൂഫിഗുരുവും അനുയായികളും ഏത് പേരുകളിലാണ് അറിയപ്പെട്ടിരുന്നത്?

സൂഫി ഗുരു 'പീർ' അഥവാ 'ഷെയ്ഖ്' എന്നും അനുയായികൾ 'മുരീദ്'എന്നും അറിയപ്പെട്ടിരുന്നു.

സൂഫികളുടെ താമസ സ്ഥലം ഏതായിരുന്നു?


# ഖാൻഗാഹുകൾ

സൂഫികേന്ദ്രങ്ങളിൽ ആലപിച്ചിരുന്ന ഭക്തിഗാനങ്ങൾ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

# വവ്വാലികൾ

| സൂഫിവര്യന്മാർ | പ്രദേശങ്ങൾ |
|---|---|
| ഷേയ്ഖ് ശിഹാബുദ്ദീൻ സുഹ്റവർദി | സിൽഹറ്റ് |
| ഷേയ്ഖ് നിസാമുദ്ദീൻ ഔലിയ | ഡൽഹി |
| ഖ്വാജാ മൊയ്നുദ്ദീൻ ചിസ്തി | അജ്മീർ |

# സൂഫിപ്രസ്ഥാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ടീച്ചറുടെ സഹായത്തോടെ ഫ്ലിപ്പ് ബുക്ക് തയ്യാറാക്കൽ



# പ്രാദേശിക ഭാഷകളുടെ വളർച്ച
# പേജ് 36 വായന

| പ്രാദേശികഭാഷ | കൃതി | രചയിതാവ് |
|---|---|---|
| തമിഴ് | നാലായിര ദിവ്യപ്രബന്ധം<br>തിരുമുറൈകൾ | ആഴ്വാർമാർ<br>നായനാർമാർ |
| കന്നട | വചനങ്ങൾ | ബസവണ്ണ, അക്ക മഹാദേവി,<br>അല്ലമപ്രഭു |
| തെലുങ്ക് | മഹാഭാരത വിവർത്തനം | നന്നയ്യ, തിക്കണ്ണ, യരപ്രഗദ |
| ബംഗാളി | ഗീതഗോവിന്ദം | ജയദേവൻ |
| ഹിന്ദി | പത്മാവത് | മാലിക് മുഹമ്മദ് ജയ്സി |
| മലയാളം | ജ്ഞാനപ്പാന<br>അധ്യാത്മരാമായണം കിളിപ്പാട്ട്<br>മുഹ്യുദ്ദീൻ മാല | പൂന്താനം<br>തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ<br>ഖാസിമുഹമ്മദ് |

## ഉത്തരം കണ്ടെത്തൂ

# പ്രാദേശികഭാഷകളുടെ വളർച്ചയ്ക്ക് ഭക്തിപ്രസ്ഥാനം സഹായകമായതെങ്ങനെ? കുറിപ്പ് തയ്യാറാക്കുക

ഭക്തിപ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനരീതി കീർത്തനങ്ങളിലൂടെയും സാഹിത്യകൃതികളിലൂടെയും ഈശ്വരനിലേക്ക് അടുക്കുന്നതിനുള്ള ശ്രമമായിരുന്നു. സമൂഹത്തിന്റെ താഴെക്കിടയിൽ നിന്നുള്ള ഒട്ടനവധി പേർ ഭക്തിപ്രസ്ഥാനത്തിന് ഭാഗമായി വന്നതുകൊണ്ട് തന്നെ അവർ ഉപയോഗിച്ചിരുന്ന ഭാഷ സാധാരണക്കാരുടേതായിരുന്നു.അവരുടെ രചനകൾ എല്ലാം തന്നെ സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന് സഹായകരമായി.

വിവിധ ഭാഷകളിൽ ഒട്ടനവധി സാഹിത്യകൃതികൾ ഇക്കാലത്ത് രൂപപ്പെട്ടു. കൂടാതെ പലസാഹിത്യകൃതികളും വിവർത്തനം ചെയ്യപ്പെട്ടു.ഇത് വിവിധ സംസ്കാരങ്ങൾ തമ്മിലുള്ള കൂടിച്ചേരലിന് ഇടയായി. അതോടൊപ്പം തന്നെ വിവിധ ഭാഷകൾ കൂടിച്ചേർന്ന് പുതിയ ഭാഷകൾ രൂപീകരിക്കപ്പെടുന്നതിനും കാരണമായി. പേർഷ്യനും ഹിന്ദിയും ചേർന്ന് രൂപംകൊണ്ട ഉറുദുഭാഷ ഇന്ത്യയുടെ സാംസ്കാരിക സമന്വയത്തിനു തന്നെ കാരണമായി.

# പ്രവർത്തനക്കാർഡ് -5

CLASS 7

SOCIAL SCIENCE

## പ്രവർത്തനക്കാർഡ് -5

യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

എ )പട്ടിക പൂർത്തിയാക്കുക..

| പ്രാദേശികഭാഷ | കൃതി | രചയിതാവ് |
|---|---|---|
| തമിഴ് | .............................. | നായനാർമാർ |
| .............................. | വചനങ്ങൾ | ബസവണ്ണ, അക്ക മഹാദേവി, അല്ലമ പ്രഭു |
| തെലുങ്ക് | .............................. | തന്നയ്യ , യശപ്രക |
| ബംഗാളി | ഗീതഗോവിന്ദം | .............................. |
| ഹിന്ദി | .............................. | മാലിക് മുഹമ്മദ് ജയ്സി |
| മലയാളം | ജ്ഞാനപ്പാന | .............................. |

SK

ബി )ചേരുംപടി ചേർക്കുക..

| | |
|---|---|
| അനുഭവ മണ്ഡപം | ........................ |
| ........................ | ദോഹകൾ |
| സിക്കുമതം | ........................ |
| ........................ | കൃഷ്ണഭജനകൾ |

( ഗുരുനാനാക്ക്, മീരാബായ്, ബസവണ്ണ, കബീർദാസ്)

# ചിത്രീകരണം ശ്രദ്ധിക്കൂ...



ഭക്തി- സൂഫി ആശയങ്ങളുടെ പ്രവർത്തനഫലമായി സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങളിൽ ചിലത് നൽകിയിരിക്കുന്നു. കൂടുതൽ ആശയങ്ങൾ കണ്ടെത്തി ആശയപടം പൂർത്തിയാക്കൂ



## ആശയപടം



ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം
സാമൂഹിക സമത്വം
ജാതി വിവേചനത്തി
നെതിരെയുള്ള മനോഭാവം
അനാചാരങ്ങളെ ചോദ്യം
ചെയ്യാനുള്ള മനോഭാവം
സ്ത്രീവിവേചനങ്ങൾ
ക്കെതിരെയുള്ള ചിന്ത
പ്രാദേശിക ഭാഷകളുടെ വളർച്ച
ഏകദൈവ വിശ്വാസം
ഹിന്ദു-മുസ്ലിം ഐക്യം
മതസഹിഷ്ണുത
സാഹോദര്യവും
മനുഷ്യസ്നേഹവും

മധ്യകാലഘട്ടത്തിൽ രൂപംകൊണ്ട ഭക്തി - സൂഫി പ്രസ്ഥാനങ്ങൾ ജനങ്ങൾക്കിടയിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നു. ജാതി-മത പരിഗണനകൾക്ക് അതീതമായി മനുഷ്യസ്നേഹം പ്രചരിപ്പിക്കാൻ ഈ ആശയങ്ങളുടെ വക്താക്കൾ ശ്രദ്ധിച്ചിരുന്നു. സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളെ ചോദ്യം ചെയ്യുന്നതിനും ഇവയിൽ നിന്ന് പുറത്തുകടന്ന് അകമഴിഞ്ഞ സ്നേഹവും ഭക്തിയും കേന്ദ്ര ആശയങ്ങളായി പ്രചരിപ്പിക്കുന്നതിനും ഇവർ ശ്രമിച്ചിരുന്നു.

ഇന്ത്യയുടെ സാംസ്കാരിക സാമൂഹിക ഘടനയിൽ അത്രമേൽ ഇഴയടുപ്പമുണ്ടാക്കാൻ ഭക്തി - സൂഫി ചിന്താധാരകൾ വഴിയൊരുക്കി വിവിധ മതപശ്ചാത്തലം ഉള്ളവർക്കിടയിൽ ഐക്യം, പരസ്പരധാരണ, സമന്വയം ഇവ വളർത്തി ആത്മീയതയും മാനവികതയും പരിപോഷിപ്പിച്ച് മതപരമായ അതിരുകൾക്കപ്പുറത്ത് മനുഷ്യസ്നേഹം എന്ന മഹത്തായ ആശയം നിലനിർത്താൻ ഭക്തിപ്രസ്ഥാനം ഇന്ത്യക്കാരെ പ്രചോദിപ്പിച്ചു.

# പ്രവർത്തനക്കാർഡ് -6


CLASS -7
SOCIAL SCIENCE

## പ്രവർത്തനക്കാർഡ് -6

യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ


മധ്യകാലഘട്ടത്തിൽ ഇന്ത്യൻ സമൂഹത്തിൽ പൊതുവേ കടുത്ത ഉച്ചനീചത്വങ്ങളും സാമൂഹികാസമത്വങ്ങളും നിലനിന്നിരുന്നു.ഈ സാഹചര്യത്തിൽ മനുഷ്യരെ ഒന്നിപ്പിച്ച് സംഘർഷങ്ങൾ കുറച്ച് സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഭക്തി -സൂഫി പ്രസ്ഥാനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. വ്യത്യസ്ത മതങ്ങളിലെ ആശയങ്ങൾ സാധാരണക്കാരിൽ എത്തിക്കാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു.വിവിധ ജാതി മതവിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്ന ജനങ്ങൾക്ക് സഹവർത്തിത്വത്തോടെ കഴിയാൻ ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം സഹായകമായി. ആധുനിക ഇന്ത്യൻ സമൂഹത്തിന്റെ മുഖമുദ്രകളായ സാമുദായിക സൗഹാർദം, നാനാത്വത്തിൽ ഏകത്വം, സാഹോദര്യം, തുല്യത,ബഹുസ്വരത തുടങ്ങിയ ഭക്തി-സൂഫി ആശയങ്ങളുടെ പ്രേരണയിൽ നിന്ന് രൂപം കൊണ്ടവയാണ്.

**ആശയങ്ങൾ കൂട്ടിച്ചേർക്കൂ.....**



# തുടർപ്രവർത്തനം

താഴെ നൽകിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടുകൂടി ഭക്തി -സൂഫി പ്രചാരകരുടെ ചിത്രങ്ങളും ആശയങ്ങളും ഉൾപ്പെടുത്തി ഒരു പതിപ്പ് /ഡിജിറ്റൽ ആൽബം തയ്യാറാക്കൂ..












*Prepared by*

**Soumyendran Kannamvelly,**

**G.T.U.P.S.Kannavam,KNR.**

***96 05 04 29 37***







